©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 മാർച്ച് 5<br>5th March 2019<br>1194 കുംഭം 21<br>21st Kumbham 1194<br>1940 ഫാൽഗുനം 14<br>14th Phalguna 1940 | നമ്പർ<br>No. | 10 |

## PART III

## Notifications by Heads of Departments

# Commissionerate of Land Revenue

## ERNAKULAM DISTRICT

ലേല പരസ്യം

നമ്പർ എ12-1919/2016. 2019 ഫെബ്രുവരി 7.

കോതമംഗലം താലൂക്ക്, നേര്യമംഗലം വില്ലേജ് സർക്കാർ പുറമ്പോക്കിൽ നിൽക്കുന്നതും അയൽ വസ്തു ഉടമയായ പുനത്തിൽ വീട്ടിൽ രാമചന്ദ്രൻ നായർ എന്നയാളുടെ താമസ വീടിനു ഭീഷണിയായി നിൽക്കുന്നതും താഴെ പറയുന്ന അളവുകളോടു കൂടിയതുമായ മരങ്ങൾ 21-3-2019-ാം തീയതി പകൽ 11 മണിക്ക് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നേര്യമംഗലം വില്ലേജാഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ₹ 1,500 നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേല വസ്തുവിട്ടുതരുന്നതുമാണ്. ലേലത്തുക മുഴുവനായും അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടികളുടെ അളവുകൾ

| ക്രമ നമ്പർ | ഇനം | നീളം (മീ.) | വണ്ണം (മീ.) | തടി അളവ് (ക്യുബിക് മീറ്ററിൽ) |
|---|---|---|---|---|
| 1 | ചീനി | .. | .. | 8.145 |
| 2 | ചീനി | .. | .. | 6.268 |

റവന്യൂ ഡിവിഷണൽ ഓഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. റവന്യൂ ഡിവിഷണൽ ഓഫീസർ.

## Kochi Taluk

പരസ്യം

(1)

നമ്പർ എച്ച്2-41/2019. 2019 ജനുവരി 11.

കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽ കുട്ടത്തിപ്പറമ്പിൽ വീട്ടിൽ ശിവൻ, കെ. എൻ. എന്നയാൾ മരിച്ചുപോയെന്നും FCI-ൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ ശാന്ത ശിവൻ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ശിവൻ, കെ. എൻ. എന്നയാൾ 30-8-2012-ാം തീയതി മരിച്ചുപോയിട്ടുള്ളതായും പരേതന്റെ അവകാശികളായി താഴെപ്പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ശാന്ത ശിവൻ | ഭാര്യ | 72 |
| 2 | ദീപ, കെ. എസ്. | മകൾ | 40 |
| 3 | ദീപു, കെ. എസ്. | മകൻ | 38 |

മേൽ വിവരിച്ചവരാണ് അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എച്ച്2-13583/2018. 2019 ജനുവരി 11.

കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽ പതിയാപറമ്പിൽ വീട്ടിൽ കനകൻ എന്നയാൾ മരിച്ചുപോയെന്നും FCI-യിൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ രംഭ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൻ പ്രകാരവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും അനുവദിച്ച മരണ സർട്ടിഫിക്കറ്റ് പ്രകാരവും കനകൻ എന്നയാൾ 14-6-2014-നും 15-6-2014-നും ഇടയിൽ മരിച്ചുപോയിട്ടുള്ളതായും അന്വേഷണത്തിൽ പരേതന്റെ നിയമപരമായ അവകാശികളായി താഴെപ്പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | രംഭ | ഭാര്യ | 62 |
| 2 | ഷാജി | മകൻ | 45 |
| 3 | ഷൈല | മകൾ | 43 |
| 4 | അജയൻ | മകൻ | 41 |
| 5 | വിജയൻ | „ | 41 |

മേൽ വിവരിച്ചവരാണ് അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(3)

നമ്പർ എച്ച്2-7553/2018. 2019 ജനുവരി 7.

കൊച്ചി താലൂക്കിൽ തോപ്പുംപടി വില്ലേജിൽ കിളിക്കൂട്ടിൽ വീട്ടിൽ എം. ജി. ധനലാൽ എന്നയാൾ മരിച്ചുപോയെന്നും ബാങ്കിൽ ഹാജരാക്കുന്നതിനായി അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ സി. ഡി. ഇന്ദിര സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ എം. ജി. ധനലാൽ എന്നയാൾ 5-6-2018-ൽ മരിച്ചുപോയിട്ടുള്ളതായും പരേതന്റെ അവകാശികളായി താഴെപ്പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സി. ഡി. ഇന്ദിര | ഭാര്യ | 52 |
| 2 | ധന്യ ധനലാൽ | മകൾ | 21 |